**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 99** **03-02-2026 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ തൊഴിൽ സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിനോദസഞ്ചാര മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ എന്തെല്ലാം പഠന-പരിശീലന പദ്ധതികളാണ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വിനോദസഞ്ചാര മേഖലയിലെ തൊഴിൽ സാദ്ധ്യതകൾ വർധിപ്പിക്കുന്നതിനായി കേരള സർക്കാർ വിവിധ വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കണ്ണൂർ പിണറായിയിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മന്റ് സ്ഥാപിച്ചു. പിണറായി എഡ്യൂക്കേഷൻ ഹബ്ബിന്റെ ഭാഗമായി കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മന്റ് കോളേജിൽ കണ്ണൂർ സർവകലാശാലയോട് അഫിലിയേറ്റ് ചെയ്ത ബി.എസ്.സി ഹോട്ടൽ മാനേജ്മന്റ് & കാറ്ററിങ് സയൻസ് ബിരുദ കോഴ്സാണ് പഠിപ്പിക്കുന്നത്. വിദ്യാർഥികൾക്ക് ഹോട്ടൽ മാനേജ്മന്റ്, ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആൻഡ് ബിവറേജ് സർവ്വീസ്, ഫ്രണ്ട് ഓഫീസ് മാനേജ്മന്റ്, ഹൗസ് കീപ്പിംഗ്, ട്രാവൽ ആൻഡ് ടൂറിസം തുടങ്ങിയ വിവിധ മേഖലകളിൽ സിദ്ധാന്തപരവും പ്രായോഗികവുമായ പരിശീലനം നൽകുന്നു. ഇൻഡസ്ട്രി ഓറിയന്റഡ് പഠനരീതിയിലൂടെ വിദ്യാർത്ഥികളെ ഹോട്ടലുകൾ, റിസോർട്ടുകൾ, ടൂറിസം തുടങ്ങിയ മേഖലകളിലെ തൊഴിൽ അവസരങ്ങൾക്ക് തയ്യാറാക്കുകയാണ് കോഴ്സിന്റെ ലക്ഷ്യം.<br><br>വിനോദസഞ്ചാര മേഖലയിലെ മാനവവിഭവശേഷി വികസനത്തിനായി കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മന്റ് ബിരുദ (മൂന്ന് വർഷത്തെ ബി.എസ്. സി ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്) , ഡിപ്ലോമ (ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആൻഡ് ബിവറേജ് സർവ്വീസ്, ബേക്കറി ആൻഡ് കൺഫെക്ഷനറി, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, |

ഹൗസ് കീപ്പിംഗ് ഓപ്പറേഷൻ, പി.ജി ഡിപ്ലോമ അക്കമഡേഷൻ ഓപ്പറേഷൻ ആൻഡ് മാനേജ്മെന്റ്) സ്കിൽ പരിശീലന കോഴ്സുകൾ നടത്തി വരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഹോസ്പിറ്റാലിറ്റി മേഖലയിൽ വനിതകൾക്ക് പ്രത്യേകമായി WOMEN EMPOWERMENT SCHEME ന്റെ ഭാഗമായി ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ TRADITIONAL SNACK & SAVORY MAKER, MULTI CUISINE COOK എന്നീ ഹ്രസ്വകാല കോഴ്സുകളിൽ തൊഴിൽ പരിശീലനം നടത്തിയിട്ടുണ്ട്. 2025 ഫെബ്രുവരി മാസം 17 മുതൽ 21 വരെ കോഴിക്കോട് SIHM ൽ തദ്ദേശീയ ഭക്ഷ്യ വൈവിധ്യം സംബന്ധിച്ച് പട്ടിക വർഗ്ഗക്കാരായ 30 പേരടങ്ങുന്ന യുവതീ - യുവാക്കൾക്കുള്ള പ്രായോഗിക പരിശീലനം കിർത്താഡ്സ് വകുപ്പ് നിർദ്ദേശിച്ചതനുസരിച്ച് നടത്തിയിരുന്നു. കൂടാതെ കേന്ദ്ര- കേരളം സർക്കാരുകളുടെ ധനസഹായത്തോടെയും തനത് ഫണ്ടിൽ നിന്നും ഹോട്ടൽ/ ഹോസ്പിറ്റാലിറ്റി വ്യവസായത്തിൽ ജോലി ചെയ്യുന്നവരുടെ സ്കിൽ മെച്ചപ്പെടുത്തുന്നതിനായി പരിശീലനങ്ങൾ സ്ഥാപനം നടത്തി വരുന്നുണ്ട്.

സംസ്ഥാനത്ത് ടൂറിസം വകുപ്പിന് കീഴിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 13 സെന്ററുകളും തിരുവനന്തപുരത്ത് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആസ്ഥാനവും പ്രവർത്തിച്ചു വരുന്നു. ഒരു വർഷം ദൈർഘ്യമുള്ള ഫുഡ് ക്രാഫ്റ്റ് കോഴ്സുകളിൽ 9 മാസത്തെ ഇൻസ്റ്റിറ്റ്യൂട്ട് തലത്തിൽ പരിശീലനവും 3 മാസത്തെ നിർബന്ധിത വ്യാവസായിക പരിശീലനവും നൽകി വരുന്നു. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കോഴ്സുകൾക്ക് പി.എസ്.സി അംഗീകരിച്ച കേരള സർക്കാരിന്റെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നൽകുന്ന സർട്ടിഫിക്കറ്റ് നൽകുന്നു. വർഷാവർഷങ്ങളിൽ 1530 ൽപ്പരം വിദ്യാർത്ഥികൾ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും പരിശീലനം നേടുകയും, ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും ഹോട്ടൽ, ഹോസ്പിറ്റാലിറ്റി മേഖലകളിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്യുന്നു. വിവിധ തൊഴിലധിഷ്ഠിത/ നൈപുണ്യ വികസന ഹ്രസ്വകാല പരിശീലന പരിപാടികളും ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്താറുണ്ട്. ഇതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പിലെ വിവിധ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് ഇത്തരത്തിൽ പ്രത്യേക പരിശീലന പരിപാടികൾ നടത്താറുണ്ട്. കൂടാതെ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഹോസ്റ്റലിലെ ജീവനക്കാർക്കും, സ്കൂളുകളിലെ പാചക തൊഴിലാളികൾക്കും

ഹ്രസ്വകാല പരിശീലനം നൽകാറുണ്ട് . സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സ്ത്രീകൾക്ക് ഹോട്ടൽ, ഹോസ്പിറ്റാലിറ്റി മേഖലകളിൽ ജോലി ചെയ്യുന്ന തരത്തിലുള്ള സൗജന്യ ഹ്രസ്വകാല കോഴ്സുകൾ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 13 സെന്ററുകൾ വഴി നടത്തി വരുന്നു.

ടൂറിസം വ്യവസായത്തിന് ആവശ്യമായ മാനവവിഭവ ശേഷി ഒരുക്കുന്നതിനും ടൂറിസത്തിൽ തൊഴിൽ -സംരംഭക സാദ്ധ്യതകൾ വർധിപ്പിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങളിൽ കിറ്റ്സ് ഏർപ്പെട്ടുവരികയാണ്. ടൂറിസം വ്യവസായത്തിൽ വരുന്ന മാറ്റങ്ങൾക്കു അനുസരിച്ച് വിവിധ തരം ഹ്രസ്വകാല ടൂറിസം കോഴ്സുകളും കിറ്റ്സ് നടത്താറുണ്ട്. കിറ്റ്സ് കേരള യൂണിവേഴ്‌സിറ്റിയുടെ അഫിലിയേറ്റ് ചെയ്ത എം.ബി.എ (ട്രാവൽ ആൻഡ് ടൂറിസം), ബി ബി എ (ടൂറിസം), ബി കോം ടൂറിസം എന്നീ കോഴ്സുകൾ നടത്തിവരുന്നു. ഈ സർക്കാർ വന്നശേഷം മാസ്റ്റർ ഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് എന്ന കോഴ്‌സും ആരംഭിച്ചു. കിറ്റ്സ് നേരിട്ട് നടത്തുന്ന ഡിപ്ലോമ കോഴ്‌സുകളും നടത്തിവരുന്നു. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മന്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻ ഇൻ ടൂറിസം, ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് മാനേജ്മന്റ്, ഡിപ്ലോമ ഇൻ എയർ പോർട്ട് ഓപ്പറേഷൻ, ഡിപ്ലോമ ഇൻ മൾട്ടി-സ്‌കിൽഡ് ഹോസ്പിറ്റാലിറ്റി എക്സിക്യൂട്ടിവ് എന്നീ കോഴ്‌സുകളും നടത്തിവരുന്നു. അയാട്ട (IATA) കോഴ്‌സുകളും കിറ്റ്സ് നടത്താറുണ്ട്.

ടൂറിസം വ്യവസായത്തിന് ആയി നിരവധി പരിശീലന(സ്‌കില്ലിങ്, അപ്സ്കില്ലിങ്, റി സ്‌കില്ലിങ് ആൻഡ് കപ്പാസിറ്റി ബിൽഡിംഗ് പരിശീലനം) പരിപാടികളാണ് കിറ്റ്സ് നടത്തിയത്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ കിറ്റ്സ് നടത്തിയ കോഴ്സുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

വനിതാ സംരംഭക പരിശീലന പരിപാടി

ഓറിയന്റേഷൻ ആൻഡ് ബിഹേവിയറൽ ട്രെയിനിങ് ഫോർ ഹോസ്പിറ്റാലിറ്റി സ്റ്റാഫ്

സുസ്ഥിര ടൂറിസം ലീഡർ പരിശീലനം

ഫ്രണ്ട് ഓഫീസ് മാനേജ്മന്റ് .

ഹോസ്പിറ്റാലിറ്റി ഓപ്പറേഷൻസ്

ഫാക്കൽറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം

കരിക്കുലം ഡെവലപ്പ്മെന്റ് വർക്ക് ഷോപ്പ്

നിർമ്മിതി ബുദ്ധി പരിശീലനം

ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ഐ.റ്റി. സ്കിൽ കോഴ്സ്

നാഷണൽ ട്രെയിനിങ് ഫോർ IFS ഓഫീസർസ്

കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം ഫോർ കമ്മ്യൂണിറ്റി ടൂറിസം മെന്റർസ്

ഫിനിഷിങ് സ്കൂൾ പരിശീലനങ്ങൾ

ടൂറിസ്റ്റ് ഗൈഡ് റിഫ്രഷർ കോഴ്സ്

അഡ്വഞ്ചർ ടൂറിസം പരിശീലനം

ടാക്സി ഡ്രൈവർ ഓറിയന്റേഷൻ

ട്രെയിനിങ് ഫോർ വർക്കിംഗ് പ്രൊഫെഷണൽസ് ഇൻ ടൂർ ഓപ്പറേഷൻ

ടൂറിസം ക്ലബ് വർക്ക് ഷോപ്പ്

ലോക്കൽ ലെവൽ ഗൈഡ് ട്രെയിനിങ് ഫോർ ഇൻഫർമേഷൻ ഓഫീസർസ്

സസ്റ്റൈനബിൾ ഡെസ്റ്റിനേഷൻ മാനേജ്മന്റ് ട്രെയിനിങ് ഫോർ റേഞ്ച് ഓഫീസർസ്

VSS/EDC അംഗങ്ങൾക്ക് ടൂറിസം നൈപുണ്യ വികസനം

ഹോട്ടൽ ഓപ്പറേഷൻ ഫിനിഷിങ് സ്കൂൾ പ്രോഗ്രാം ഫോർ VHSE സ്റ്റുഡന്റ്സ്

മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം ഓൺ ടൂറിസം എന്റർപ്രെന്യൂർഷിപ്

വനിതകൾക്ക് ടൂറിസം തൊഴിൽ പരിശീലനം

ടൂർ ഓപ്പറേറ്റർ റിഫ്രഷർ പ്രോഗ്രാം

ഹോം സ്റ്റേ ഓപ്പറേഷൻ പരിശീലനം

ഓറിയന്റേഷൻ പ്രോഗ്രാം ഫോർ ദി ടൂറിസം സർവീസ് പ്രൊവൈഡേഴ്സ്

ടൂറിസം ഇന്റെർപ്രെറ്റഷൻ ആൻഡ് വിസിറ്റർ സെർവീസസ്

| | | | |
|---|---|---|---|
| | | | ഗസ്റ്റ് റിലേഷൻസ് ആൻഡ് ഹൌസ് കീപ്പിംഗ്<br><br>നേച്ചർ ഇന്റെർപ്രെറ്റഷൻ<br><br>ടൂറിസം വകുപ്പ് കിറ്റ്സ് മുഖേനെ ഗൈഡ് ട്രെയിനിംഗ് കോഴ്സ് നടത്തി വരുന്നു. ഈ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഗൈഡ് ലൈസൻസ് നൽകി വരുന്നു. മാനദണ്ഡങ്ങൾക്കനുസരിച്ച് യോഗ്യതയുള്ളവരിൽ നിന്ന് പരീക്ഷ നടത്തി 50 ശതമാനവും അതിന് മുകളിലും മാർക്ക് വാങ്ങുന്നവർക്ക് അഭിമുഖവും നടത്തിയാണ് യോഗ്യരായവരെ തെരഞ്ഞെടുക്കുന്നത്. |
| (ബി) | വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട കോഴ്സുകളും പരിശീലനങ്ങളും സംസ്ഥാനത്ത് വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ടൂറിസം മേഖലയുടെ വികസനത്തിന് വൈദഗ്ധ്യം നേടിയ മനുഷ്യവിഭവശേഷി അത്യന്താപേക്ഷിതമാണ്. ടൂറിസം മേഖലയിലെ ഹോസ്പിറ്റാലിറ്റി രംഗത്ത് വൈദഗ്ധ്യം നേടിയ മനുഷ്യവിഭവ ശേഷി വർധിപ്പിക്കുന്നതിന് വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട കോഴ്സുകളും പരിശീലനങ്ങളും സംസ്ഥാനത്ത് കൂടുതലായി വ്യാപിപ്പിക്കുന്നത് സഹായകരമാകും. ഇത്തരം കോഴ്സുകളും പരിശീലനങ്ങളും കൂടുതലായി വ്യാപിപ്പിക്കുന്നതിലൂടെ ടൂറിസം മേഖലയിലെ തൊഴിൽ സാദ്ധ്യതകൾ വർധിപ്പിക്കുന്നതിനും, സേവന നിലവാരം ഉയർത്തുന്നതിനും ഗുണകരമാവും. വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട കോഴ്സുകളും പരിശീലനങ്ങളും ഉൾനാടൻ പ്രദേശങ്ങളിലുൾപ്പടെ കേരളത്തിലുടനീളം വ്യാപിപ്പിക്കുന്നത് സമൂഹത്തിന്റെ എല്ലാ വിഭാഗത്തിൽ നിന്നും ഉള്ളവർക്ക് ടൂറിസം മേഖലയിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിൽ അവസരങ്ങളെ പ്രയോജനപ്പെടുത്തുവാൻ സഹായകമാകും. കൂടാതെ വിദ്യാർത്ഥികൾക്ക് ആവശ്യമായ ആശയവിനിമയ കഴിവ്, വ്യക്തിത്വ വികസനം, സേവന മനോഭാവം എന്നിവ കൈവരിക്കുവാനും അതിലൂടെ സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിന് സംഭാവന നൽകുവാനും സാധിക്കും. പ്രസ്തുത ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകുന്നത്. |
| (സി) | സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്(കിറ്റ്സ്)ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | സംസ്ഥാന ടൂറിസം വകുപ്പ് മന്ത്രി ചെയർമാനായ കിറ്റ്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കിറ്റ്സിന്റെ പ്രവർത്തനങ്ങൾ മികച്ച നിലയിൽ മുന്നോട്ട് പോവുകയാണ്. കിറ്റ്സിന്റെ പ്രവർത്തന മികവിന്റെ ഭാഗമായി ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ (FICCI) ദേശീയ പുരസ്കാരം കിറ്റ്സിന് 2025-ൽ |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുണ്ട്. ടൂറിസം മാനവ വിഭവ ശേഷി വികസനത്തിൽ കിറ്റ്സിന്റെ സംഭാവനകൾക്ക് 2024 ൽ മെട്രോ എക്സ്പ്പഡിഷൻ മെട്രോ ടൂറിസം അവാർഡ് ലഭിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് കിറ്റ്സിന്റെ സ്റ്റഡി സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | തലശ്ശേരിയിലും മലയാറ്റൂരും ആണ് കിറ്റ്സിന്റെ സ്റ്റഡി സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നത്. |
| (ഇ) | വിനോദസഞ്ചാര മേഖലയിലെ സ്ഥാപനങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ സംസ്ഥാനത്ത് കൂടുതൽ സ്റ്റഡി സെന്ററുകൾ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) | വിനോദസഞ്ചാര മേഖലയിലെ സ്ഥാപനങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ സംസ്ഥാനത്ത് കൂടുതൽ സ്റ്റഡി സെന്ററുകൾ അനുവദിക്കുന്ന വിഷയം ടൂറിസം വ്യവസായത്തിന്റെ ആവശ്യകതക്കനുസരിച്ച് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ